**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 985** **11-02-2025 - ൽ മറുപടിയ്ക്ക്**

**മനുഷ്യ - വന്യജീവി സംഘർഷം രൂക്ഷമായ സ്ഥലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | മനുഷ്യ - വന്യജീവി സംഘർഷം രൂക്ഷമായതും സംഘർഷത്തിന് കൂടുതൽ സാധ്യതയുള്ളതുമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷമുള്ള പ്രദേശങ്ങളെ 12 ലാൻഡ്സ്കേപ്പുകളായി തിരിച്ച് ലാൻഡ്സ്കേപ്പ് തല സംഘർഷ ലഘൂകരണ പ്ലാനുകൾ തയ്യാറാക്കുന്നുണ്ട്. ആകെ 273 പഞ്ചായത്തുകൾ മനുഷ്യ-വന്യമൃഗ സംഘർഷമുള്ള പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകളിൽ മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായി അനുഭവപ്പെടുന്നുണ്ട്.<br><br>മേൽപ്പറഞ്ഞ 12 ലാൻഡ്സ്കേപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സ്ഥലങ്ങളിൽ നടപ്പാക്കുന്നതിനായി കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷമുള്ള പ്രദേശങ്ങളെ 12 ലാൻഡ്സ്കേപ്പുകളായി തിരിച്ചുകൊണ്ട് ഹോട്ട്-സ്പോട്ടുകൾ തിരിച്ചറിഞ്ഞ് പ്രതിരോധ ലഘൂകരണ പ്രവർത്തനങ്ങൾ അടങ്ങിയ ലാൻഡ്സ്കേപ്പ് ലെവൽ മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നു. ലാൻഡ്സ്കേപ്പ്തല മാസ്റ്റർപ്ലാനുകൾ ക്രോഡീകരിച്ച് സംസ്ഥാനതല കർമ്മപദ്ധതി തയ്യാറാക്കും. ഇപ്രകാരം സംസ്ഥാനതല കർമ്മപദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി ഒരു മനുഷ്യ-വന്യമൃഗസംഘർഷ ലഘൂകരണ പരിഹാര നയം രൂപീകരിക്കുന്നതിന് 21/10/2024-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഈ പ്രദേശങ്ങളിലെ സൗരോർജ്ജവേലികൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായ സഹകരണം പ്രയോജനപ്പെടുത്തി പ്രവർത്തനക്ഷമമല്ലാത്ത ഫെൻസിംഗുകൾ അടിയന്തിര പ്രാധാന്യത്തോടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനക്ഷമമാക്കുന്നതിന് "മിഷൻ സോളാർ ഫെൻസിംഗ് 2024" എന്ന ഊർജ്ജിത കർമ്മപദ്ധതി 2024 നവംബർ മാസം മുതൽ കേരളം ഒട്ടാകെ നടപ്പിലാക്കി. സോളാർ വേലികളുടെ കീഴിലുള്ള അടിക്കാടുകൾ MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തിയും, വാച്ചർമാരെ ഉപയോഗിച്ചും വെട്ടിമാറ്റി വേലികൾ പരിപാലിച്ചു പോരുന്നു. ഇതിന്റെ ഭാഗമായി വിവിധ ഡിവിഷനുകളിൽ 848 കിലോമീറ്റർ സൗരോർജ്ജവേലികൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇവയുടെ സംരക്ഷണത്തിനും തുടർപരിപാലനത്തിനായി പ്രാദേശിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | വനാന്തർഭാഗത്ത് വന്യമൃഗങ്ങൾക്കാവശ്യമായ ജലം, തീറ്റ എന്നിവ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ? | (ഡി) | വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉണ്ടെന്ന് ഉറപ്പുവരുത്താൻ വിവിധ നടപടികൾ വനം വകുപ്പ് ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്.<br>വനമേഖലകളിൽ ജലലഭ്യത ഉറപ്പ് വരുത്താനായി വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ ചെറുഡാമുകളും, 574 വയലുകളും, വാട്ടർഹോൾസ് തുടങ്ങി 308 ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ച് വരുന്നുണ്ട്.<br>വേനൽക്കാലത്ത് വന്യമൃഗങ്ങൾക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി 2025 ഫെബ്രുവരി 1 മുതൽ "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br>വനത്തിനുള്ളിൽ ഭക്ഷണ ലഭ്യത ഉറപ്പ് വരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനത് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്.<br>വയനാട് ജില്ലയിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനായി കേരള പേപ്പർ പ്രോഡക്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും സന്നദ്ധ സംഘടനകളുടെ സേവനവും ഉപയോഗിച്ചു വരുന്നു.<br>വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിലേക്കായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുല്ല് മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ |

| | | | |
|---|---|---|---|
| | | | സാഹചര്യങ്ങളിൽ Control Burning നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | ലാൻഡ്സ്കേപ്പ് / മേഖല |
|---|---|
| 1 | ആറളം - കണ്ണൂർ - കാസർഗോഡ് |
| 2 | വയനാട് |
| 3 | നിലമ്പൂർ |
| 4 | മണ്ണാർക്കാട് - അട്ടപ്പാടി |
| 5 | പാലക്കാട് |
| 6 | തൃശ്ശൂർ - കുതിരാൻ |
| 7 | ചാലക്കുടി - വാഴച്ചാൽ - ആതിരപ്പിള്ളി |
| 8 | മലയാറ്റൂർ |
| 9 | മാങ്കുളം - മൂന്നാർ |
| 10 | റാന്നി - പെരിയാർ |
| 11 | കോന്നി - അച്ചൻകോവിൽ |
| 12 | തിരുവനന്തപുരം - അഗസ്ത്യമല |